Mr. C. V. Iyyu (*Kunnamkulam*): May I know, Sir, whether there is any objection to give a bigger sum than Re. 1—say Rs. 5 or so?

Dr. A. R. Menon (*Minister for Rural Development*): What is the contingency that arises in the Panchayat? Offices There will be no such urgency in the office. The allotment is only for office contingencies.

KATTUR PANCHAYAT—NOMINATION OF DEPRESSED CLASS MEMBERS.

214. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മേണ്ടു് സദയം മറുപടി പറയുമൊ:—

(ക) കാട്ടൂർ പഞ്ചായത്തിലെ ഇപ്പോഴത്തെ മെമ്പർമാരിൽ നോമിനേറ്റു ചെയ്ത മെമ്പർമാർ ആരെല്ലാമെന്നും; അവരിൽ ഓരോരുത്തരും ഏതേതു സമുദായങ്ങളിൽ പെട്ടവരാണെന്നും അവർ ഓരോരുത്തരുടേയും ജോലി എന്താണെന്നും പറയുമോ;

(ഖ) പ്രസ്തുത പഞ്ചായത്തിലേക്കു് അധഃകൃതരിൽ നിന്നു് ആരെയെങ്കിലും നോമിനേറ്റു് ചെയ്തിട്ടുണ്ടോ;

(ഗ) അധഃകൃതരിൽനിന്നു് ഒരാളെ നോമിനേറ്റു ചെയ്യാൻ അധഃകൃതരുടെ മുറവിളിയും അപേക്ഷയും ഉണ്ടായിരുന്നില്ലേ;—

(ഘ) അധഃകൃതരുടെ അപേക്ഷയനുസരിച്ചു അവരിൽനിന്നു് ഒരാളെ നോമിനേറ്റു് ചെയ്യാതിരിപ്പാൻ പ്രത്യേക കാരണങ്ങളും വല്ലതും ഉണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

ഡാക്ടർ എ. ആർ. മേനോൻ: (I)

	പേരു്.	സമുദായം.	ജോലി.
ക.	മിസ്റ്റർ പി. കെ. കുമാരപിള്ള	വെള്ളാളൻ	സ്കൂൾ മാസ്റ്റർ.
ഖ.	,, എം. എസ്സ്. അച്യുതമേനോൻ	നായർ	ടി
ഗ.	,, പി. എ. നാരായണപിള്ള	ടി	ടി

(ഖ) ഇല്ല.

(ഗ) അപേക്ഷ ഉണ്ടായിരുന്നു.

(ഘ) ഒരു പഞ്ചായത്തു മെമ്പറായും കോടതി ജഡ്ജിയായും നോമിനേറ്റുചെയ്യാൻ തക്ക യോഗ്യതകളും തികഞ്ഞ ഒരാളും അധഃകൃത സമുദായങ്ങളിൽ ഉണ്ടായിരുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തിലേക്കു നോമിനേറ്റുചെയ്യുന്നതു് ഏതിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു ഗവമ്മേണ്ടു പറഞ്ഞാൽ കൊള്ളാം.

ഡാക്ടർ എ. ആർ. മേനോൻ: സാധാരണയായി Unrepresented കമ്മ്യൂണിറ്റിയിൽ നിന്നാണു് നോമിനേറ്റു ചെയ്യുന്നതു്. Unrepresented കമ്മ്യൂണിറ്റിയിൽ അതിനു യോഗ്യതയുള്ളവരെ കിട്ടിയില്ലെങ്കിൽ വേറെ കമ്മ്യൂണിറ്റിയിൽ നിന്നും നോമിനേറ്റു ചെയ്യും. ആ ഗ്രൂപ്പിൽ തന്നെ ഒരു അമ്പല

LIBRARY ARCHIVES Kerala Legislative Assembly

വാസിയേയും രണ്ടു ഈഴവനേയും ഒരു ക്രസ്ത്യാനിയേയും നോമിനേറ ചെയ്തിട്ടുണ്ട്;

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അമ്പലവാസി ആരാണ്?

ഡാക്ടർ എ. ആർ. മേനോൻ : അമ്പലവാസി എന്നാൽ അമ്പലവാസി തന്നെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തിരഞ്ഞെടുപ്പിൽനിന്നും വിജയംനേടുവാൻ പ്രയാസം വരുന്ന സമുദായങ്ങൾക്കാണ് സാധാരണ നോമിനേഷൻ കൊടുക്കാറ പതിവ്. ആ വ്യവസ്ഥക്കു വിപരീതമായി ഗവമ്മെണ്ടു നോമിനേഷൻ നടത്താറുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ : ഗവമ്മെണ്ടു രൂളുണ്ടാക്കുന്നതു് അതു് ഒബ്സർവ് ചെയ്യുവാനാണ്. Unrepresented കമ്മ്യൂണിറ്റീസിലുള്ള ആളെ കിട്ടിയില്ലെങ്കിൽ വേറെ ആളെ നോമിനേറ ചെയ്യണം.

Mr. President: Nominations are on the result of the elections.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അധഃകൃതരിൽ നിന്നു് ഇതിനു യോഗ്യതയുള്ള ആളെ കിട്ടിയില്ലെങ്കിൽ മാത്രമല്ലെ മറ്റു സമുദായങ്ങളിൽ നിന്നു നോമിനേറ ചെയ്യുകയുള്ളൂ.

ഡാക്ടർ എ. ആർ. മേനോൻ : അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കാട്ടർ പഞ്ചായത്തിലേക്കു് അധഃകൃത സമുദായത്തിൽ നിന്നും ആരേയും നോമിനേറ ചെയ്തിട്ടില്ല. അവിടെ നോമിനേഷനു അധഃകൃതരുടെ അപേക്ഷയുണ്ടായിരുന്നു. നോമിനേഷൻ കിട്ടണമെങ്കിൽ എതെല്ലാം വിധത്തിലുള്ള യോഗ്യതകൾ വേണം?

ഡാക്ടർ എ. ആർ. മേനോൻ : അധഃകൃതരിൽ യോഗ്യതയുള്ളവരെ കിട്ടില്ലെങ്കിലും അധഃകൃതക്കു തന്നെ നോമിനേഷൻ കൊടുത്തുകൊള്ളണമെന്നു രൂളില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അധഃകൃതർ തിങ്ങി പാർക്കുന്ന ഒരു സ്ഥലമാണ് കാട്ടർ പഞ്ചായത്തു്. അവിടെ അവർക്കു നോമിനേഷൻ കൊടുക്കുവാൻ യോഗ്യതയുള്ള ആരും ഇല്ലെന്നാണ് ഗവമ്മെണ്ടു പറയുന്നതു്. ഇതിനു യോഗ്യത വേണമെന്നു പറഞ്ഞുവല്ലൊ. എന്താണ് ഇതിനു വേണ്ട യോഗ്യത?

ഡാക്ടർ എ. ആർ. മേനോൻ : എഴുതാനും വായിക്കാനും അറിയണം. കാര്യങ്ങൾ മനസ്സിലാക്കാനുള്ള പ്രാപ്തിയുണ്ടോ എന്നും അന്വേഷിച്ചുനോക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അധഃകൃതർ തിങ്ങി പാർക്കുന്നതായ കാട്ടർ വില്ലേജിൽ എഴുത്തും വായനയും അറിയുവാൻ തക്ക വിദ്യാഭ്യാസം ഉള്ള ആളെ അന്വേഷിച്ചിട്ടു കിട്ടിയില്ലെന്നാണൊ പറയുന്നതു് എന്നു് ദയവായി പറഞ്ഞാൽ കൊള്ളാം.

ഡാക്ടർ എ. ആർ. മേനോൻ : വിദ്യാഭ്യാസമുള്ള ആളുകൾ ചിലപ്പോൾ അവിടെ ഉണ്ടായിരിക്കാം. പക്ഷെ അന്വേഷിച്ചതിൽ കാര്യങ്ങൾ മനസ്സിലാക്കുവാൻ പ്രാപ്തിയുള്ളവർ ഇല്ലെന്നു തോന്നിയിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കാട്ടൂരിൽ നിന്ന അധ്യക്ഷതരിൽ ഒരാളെ ഈ നിയമസഭയിലേക്ക നോമിനേറ്റ ചെയ്തിരുന്നതായി ഗവമ്മേണ്ടിന റിയാമൊ?

ഡാക്ടർ എ. ആർ. മേനോൻ: എനിക്ക അറിവില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കഴിഞ്ഞ നിയമസഭയിൽ അധ്യക്ഷത പ്രതിനിധിയായിരുന്ന മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ കാട്ടൂർ നിവാസിയാണെന്നു ബഹുമാനപ്പെട്ട ഗവമ്മേണ്ടിനറിയാമോ?

ഡാക്ടർ എ. ആർ. മേനോൻ: അദ്ദേഹം താമസിക്കുന്നതു് ഇരിങ്ങാലക്കുടയിലാണു്. അദ്ദേഹം കാട്ടുക്കാരനാണൊ എന്നുള്ളതു് എനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കാട്ടൂർ പഞ്ചായത്തിലേക്കു് നോമിനേറ്റ് ചെയ്യുന്നതിനു് അധ്യക്ഷതരിൽ നിന്നു് യോഗ്യതയുള്ള ഒരാൾ കാട്ടൂർ വില്ലേജിൽ ഇല്ലെന്ന ഗവമ്മേണ്ടിനു് എങ്ങിനെയാണു് ബോദ്ധ്യം വന്നതു്?

ഡാക്ടർ എ. ആർ. മേനോൻ: യോഗ്യതയുള്ളാൾഉണ്ടൊ എന്ന അന്വേഷിക്കുവാൻ പറഞ്ഞു. അന്വേഷിച്ചതിൽ തക്കതായ ആളില്ലെന്ന കാണിച്ചു് റിപ്പോർട്ട് ചെയ്തിട്ടുള്ളതു കൊണ്ടായിരിക്കണം.

മിസ്റ്റർ കെ. പി. വള്ളോൻ: അപേക്ഷ അയച്ചിരുന്ന എന്നു പറഞ്ഞുവല്ലൊ. ആ ആൾക്കു് യോഗ്യതയുണ്ടൊ എന്നു് അന്വേഷിച്ചുവൊ?

ഡാക്ടർ എ. ആർ. മേനോൻ: അന്വേഷിച്ചിട്ടുണ്ടായിരിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തിൽ നോമിനേഷൻ വേണമെങ്കിൽ വിദ്യാഭ്യാസവും കാര്യബോധവും വേണമെന്നും പറഞ്ഞുവല്ലൊ. അതിന്റെ മറു വ്യാഖ്യാനം ദയവു ചെയ്തു പറഞ്ഞുതന്നാൽ കൊള്ളാം.

ഡാക്ടർ എ. ആർ. മേനോൻ: കാര്യബോധം വേണമെന്നു പറയുന്നതിനു എന്താണു് ഒരു ഡഫിനിഷൻ പറയേണ്ടതു്. നോമിനേഷനു എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം. എന്തെങ്കിലും പ്രവൃത്തിക്കുന്നതിനുള്ള കാര്യവിവരവും ഉണ്ടായിരിക്കണം. അല്ലാതെ ബി. എ. യും മറ്റുമുള്ള ഒന്നും ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എഴുതുവാനും വായിക്കുവാനും പ്രാപ്തിയുള്ള അധ്യക്ഷതർ അവിടെയില്ലെന്നാണൊ റിപ്പോർട്ട്?

ഡാക്ടർ എ. ആർ. മേനോൻ: റിപ്പോർട്ടിൽ അങ്ങിനെയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു അന്വേഷിച്ചു് റിപ്പോർട്ട് ചെയ്ത ഉദ്യോഗസ്ഥൻ ആരാണു്?

ഡാക്ടർ എ. ആർ. മേനോൻ: പഞ്ചായത്തു് ഇൻസ്പെക്ടർ ആയിരിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം എല്ലാ വീട്ടിലും പോയി അന്വേഷിച്ചിട്ടുണ്ടു് എന്നു പറയുവാൻ ഗവമ്മേണ്ടിനു് സാധിക്കുമൊ?

ഡാക്ടർ എ. ആർ. മേനോൻ: ഇതിനു മറുപടി പറയുന്നതിനു ഒരു മാസത്തെ ഇട കിട്ടണം. അദ്ദേഹം എതെല്ലാം സ്ഥലത്തു് അന്വേഷിച്ചു, അ

LIBRARY ARCHIVES Kerala Legislative Assembly

ളേഹം എവിടെയൊക്കെ പോയി, എന്തൊക്കെ ചോദിച്ചു, അതിന്റെ ഫയൽ വരുത്തി സകലതും നോക്കി പറയുന്നതിനു ഒരു മാസം വേണം.

NARAKKAL—ROAD FROM MANJANAKKAD.

215. Mr. P. K. Madhava Menon (*Narakkal*): Will the Government be pleased to state whether there was any proposal sometime ago regarding the construction of a foot-path or road from Manjanakkad jetty to Narakkal bazaar; I so, how does the matter stand at present?

Dr. A. R. Menon (*Minister for Rural Development*): There was a proposal to open a foot-path from Manjanakkad jetty to Narakkal. Being comparatively too costly on account of land acquisition charges and not worth the expenditure involved, the work is proposed to better times. If lands required are surrendered free, the question of opening the foot-path will be considered.

Mr. P. K. Madhava Menon (*Narakkal*): May I know what was the approximate cost of the land acquisition?

Dr. A. R. Menon (*Minister for Rural Development*): Land acquisition, I think, was estimated at Rs. 5,000 and odd. We will again reconsider this question, when funds permit. The amount involved is so big that the matter had to be dropped for the present.

KADAVALLUR—FORMATION OF DEPRESSED CLASSES COLONY IN.

216. Mr. C. V. Iyyu (*Kunnamkulam*): Will the Government be pleased to state:—

(*a*) whether the Protector of the Depressed Classes has received any petition from the Depressed Classes of Kadavallur village, Talappalli taluk, praying for a colony for their settlement on the 30th Kanni 1114;

(*b*) whether the Government has taken any steps to grant their request?

Dr. A. R. Menon (*Minister for Rural Development*):

(*a*) Yes.

(*b*) Yes. On enquiry it was found that no poramboke lands were available in the locality and that private lands had to be acquired, which would be taken up when funds permit. Meanwhile the petitioners were asked if necessary to go and settle down in Shanmukhapuram Colony at Karikkad, a mile and a half distant.

LIBRARY ARCHIVES Kerala Legislative Assembly